പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 288

22/06/2012-ൽ മറുപടിക്ക്

## കുടുംബശ്രീയുടെ സംഘകൃഷി

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി
,, പി.കെ. ഗുരുദാസൻ
,, കെ.കെ. ജയചന്ദ്രൻ
,, പി.റ്റി.എ റഹീം

**ഉത്തരം**

ഡോ. എം. കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

(എ) 2010-11, 2011-12, വർഷങ്ങളിൽ സംസ്ഥാനത്ത് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ നടപ്പാക്കിയ സംഘകൃഷിയുടെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) ഉണ്ട്; സംസ്ഥാനത്തെ എല്ലാ ജില്ലകളേയും പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ മാസവും പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. പ്രസ്തുത യോഗത്തിൽ ജില്ലകളിൽ നടത്തിവരുന്ന സംഘകൃഷിയെക്കുറിച്ച് പ്രത്യേകമായി വിലയിരുത്താറുണ്ട്. 2010-2011, 2011-12 വർഷങ്ങളിൽ നടപ്പിലാക്കിയ സംഘകൃഷിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | വർഷം | ജെ.എൽ. ജികളുടെ എണ്ണം *** | അംഗങ്ങളുടെ എണ്ണം | വിസ്തൃതി (ഹെക്ടർ | ബോണസ് (രൂപ കോടി) |
|---|---|---|---|---|---|
| 1 | 2010-11 | 39734 | 175835 | 19850 | 7.8 |
| 2 | 2011 -12 | 47597 | 254889 | 47215.5 | 3.08 |

*** ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്

(ബി) സംസ്ഥാനത്ത് തരിശുഭൂമി രഹിത പഞ്ചായത്തുകൾ സൃഷ്ടിക്കാൻ ഈ പദ്ധതിക്ക് കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ വനിതാ സംഘകൃഷി ഗ്രൂപ്പുകൾ പ്രധാനമായും പാട്ടത്തിനെടുത്ത ഭൂമിയിലാണ് കൃഷി ചെയ്യുന്നത്. ഇതിൽത്തന്നെ അധികവും തരിശായി കിടന്നിരുന്ന ഭൂമിയാണ്. സംസ്ഥാനത്ത് തരിശു രഹിത പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിലേയ്ക്കുള്ള പദ്ധതിയിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന സംഘകൃഷി വലിയ പങ്കുവഹിക്കുന്നുണ്ട്.

(സി) എങ്കിൽ നടപ്പു വർഷം ഇതിനായി എന്ത് തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇതിനായി പഞ്ചായത്തുകളിൽ നിന്ന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ മുഖേന നൽകി വരുന്ന വിസ്തൃതി ഉത്പാദന ബോണസുകൾക്കുള്ള തുകയും സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പോയവർഷം പഞ്ചായത്തിന്റെ പ്ലാനുകളിൽ ഉൾപ്പെടുത്തി സംഘകൃഷി ഗ്രൂപ്പുകൾക്ക് സൗജന്യമായി വിത്ത്, വളം മുതലായ ഉത്പാദനോപാധികൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ സംഘകൃഷി ഗ്രൂപ്പുകളുടെ നിലമൊരുക്കൽ പോലെയുള്ള പണികൾ പഞ്ചായത്തിന്റെ സഹായത്തോടെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ ശ്ശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) പദ്ധതിക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ അടങ്കൽ തുക 79.9 കോടി രൂപയാണ്. നടപ്പുവർഷം 9.03 കോടി രൂപ പദ്ധതിയുടെ ആദ്യവിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) സംഘകൃഷിയിൽ എതെങ്കിലും തരത്തിൽ നഷ്ടം വന്നിട്ടുള്ള സംഘങ്ങൾക്ക് മുൻകാലങ്ങളിൽ സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ തുടർന്നും സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

(ഡി) സംഘകൃഷി ഗ്രൂപ്പുകൾക്ക് നഷ്ടം വരാതിരിക്കുന്നതിലേയ്ക്കായി സംഘകൃഷിയിൽ ഏർപ്പെടുന്ന വനിതാ ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം എന്ന നിലയിൽ കുടുംബശ്രീയിൽ നിന്നും വിസ്തൃതി ബോണസ്സും ഉത്പാദന ബോണസ്സും നൽകി വരുന്നു. കൂടാതെ കൃഷി ഭവനുകളിൽ നിന്നും നൽകിവരുന്ന വിളഇൻഷ്വറൻസും ഗ്രൂപ്പുകൾക്ക് ലഭ്യമാകുന്നുണ്ട്. തുടർന്നും ഇത്തരം സഹായം ലഭ്യമാക്കുന്നതിനുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ